പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8</u> <u>10.06.2013 ൽ മറുപടിയ്ക്ക്</u>

<u>ജനസമ്പർക്ക പരിപാടി - ഉദ്യോഗസ്ഥതലത്തിലുള്ള വീഴ്ച പരിഹരിക്കുന്നതിന് നടപടി</u>

| <u>ചോദ്യം</u><br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | <u>മറുപടി</u><br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ഇതുവരെ എത്ര പരാതികൾ ലഭിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) 22/5/2013 വരെ 5,50,001 പരാതികൾ ലഭിച്ചു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഈ പരാതികളിൽ എത്രയെണ്ണത്തിൽ തീർപ്പുകൽപ്പിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) 4,15,618 (22.05.2013 വരെ) പരാതികളിൽ തീർപ്പുകൽപ്പിച്ചു. |
| (സി) മുഖ്യമന്ത്രിക്ക് ലഭിക്കുന്ന പരാതികളിൽ കൂടുതലും ഏത് വിധത്തിലുള്ളതാണ് എന്ന് വ്യക്തമാക്കുമോ; | (സി) ചികിത്സാ ധനസഹായം, റവന്യൂ സംബന്ധമായ പരാതികൾ, ബി.പി.എൽ കാർഡിനുള്ള അപേക്ഷകൾ എന്നീ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകളാണ് കൂടുതലായി ലഭിച്ചത്. |
| (ഡി) താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് പരിഹരിക്കാൻ കഴിയുന്ന ഇത്തരം പരാതികൾ നേരിട്ട് സ്വീകരിക്കാൻ മുഖ്യമന്ത്രി ജനങ്ങളുടെ മുന്നിലെത്തുന്നത് ഭരണപരമായ വീഴ്ചയാണെന്നുകണ്ട് ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഭരണസംവിധാനത്തെ സാധാരണ ജനങ്ങൾക്ക് നേരിട്ട് പ്രാപ്യമാക്കുക വഴി അവരുടെ പരാതികൾക്ക് സത്വര പരിഹാരം കാണുക എന്നതായിരുന്നു ജനസമ്പർക്ക പരിപാടിയുടെ ഉദ്ദേശ്യം. ഇതു വഴി ഭരണാധികാരികൾക്ക് ജനകീയ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും അതുവഴി പല പ്രശ്നങ്ങൾക്കും സത്വര പരിഹാരം കാണുന്നതിനും സാധിച്ചു. ഇതിൽ നിന്നും ലഭിച്ച അനുഭവത്തിന്റെ വെളിച്ചത്തിൽ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ തീരുമാനം എടുക്കുകയും പല ഉത്തരവുകളും മാറ്റങ്ങൾക്ക് വിധേയമാക്കുകയും ചെയ്തു. താഴെ തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് പരിഹരിക്കാനാവാത്തതും ഗവൺമെന്റ് തീരുമാനം ആവശ്യമുള്ളതുമായ പരാതികൾ / അപേക്ഷകൾ/നിവേദനങ്ങൾ ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുകയുണ്ടായി. ആയതിനാൽ ജനസമ്പർക്ക പരിപാടി ജനങ്ങളും ഭരണ സംവിധാനവും തമ്മിലുള്ള അകലം കുറയ്ക്കാൻ സഹായിക്കുന്നുവെന്നാണ് സർക്കാർ കരുതുന്നത്. |

Kamalakshi

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

| ജില്ല | ലഭിച്ചിട്ടുള്ള പരാതികൾ |
|---|---|
| തിരുവനന്തപുരം | 22,286 |
| കൊല്ലം | 25,725 |
| പത്തനംതിട്ട | 44,199 |
| ആലപ്പുഴ | 48,309 |
| കോട്ടയം | 76,078 |
| ഇടുക്കി | 43,400 |
| എറണാകുളം | 15,675 |
| തൃശ്ശൂർ | 90,688 |
| പാലക്കാട് | 30,852 |
| മലപ്പുറം | 58,960 |
| കോഴിക്കോട് | 13,871 |
| വയനാട് | 29,002 |
| കണ്ണൂർ | 28,539 |
| കാസർഗോഡ് | 22,417 |
| ആകെ | 5,50,001 |

Kuulakutts

സെക്ഷൻ ഓഫീസർ